എക്സൈസുകാരുടെ മർദ്ദനമേറ്റ് മരണമടഞ്ഞവർ

287 [314]- ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31-5-1986 വരെ എക്സൈസുകാരുടെ മർദ്ദനമേറ്റ് ആരെങ്കിലും മരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ മരിച്ചു;

(സി) എക്സൈസുകാരുടെ കസ്റ്റഡിയിലിരിക്കെ എത്ര പ്രതികൾ മരിച്ചു;

(ഡി) ഇതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചു;

(ഇ) മർദ്ദിച്ചതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചു.

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആരും മരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മർദ്ദിച്ചു എന്ന ആരോപണത്തിന്റെപേരിൽ കോഴിക്കോട് ജില്ലയിൽ ഒരു പ്രിവന്റീവ് ആഫീസർ, അഞ്ചു ഗാർഡുകൾ, മട്ടന്നൂർ റെയിഞ്ചിൽ ഒരു എക്സൈസ് ഇൻസ്പെക്ടർ, രണ്ടു പ്രിവന്റീവ് ആഫീസർമാർ, 4 ഗാർഡുകൾ. നെയ്യാറിൻകര സർക്കിളിൽ ഒരു ഇൻസ്പെക്ടർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യാജവാറു കേസുകൾ

288 [315] ശ്രീ. ലോനപ്പൻ നമ്പാടൻ: തഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31-5-1986 വരെ എക്സൈസുകാർ എത്ര വ്യാജവാറു കേസുകൾ പിടിച്ചിട്ടുണ്ട്;

(ബി) ഇതുമൂലം ഗവൺമെന്റിന് കിട്ടിയ തുക എത്രയാണ്;

(സി) ഇപ്രകാരം പിടിച്ചെടുത്ത സാധനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 127424 കേസുകൾ.

(ബി) 42745061 രൂപ.

(സി) ഈ കേസുകളോടനുബന്ധിച്ച് വാഹനങ്ങൾ, കോട, കലം, വാറ്റുപകരണങ്ങൾ, വാറ്റു ചാരായം മുതലായ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly